## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2022 മാർച്ച് 16, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

17 (*151) <u>സപ്ലൈകോയുടെ സേവനങ്ങൾ</u>

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ കുറഞ്ഞ നിരക്കിൽ എത്തിക്കുന്നതിനും വിൽപ്പനശാലകൾ വിപുലീകരിക്കുന്നതിനും സപ്ലൈകോ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഉപഭോക്തൃ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും മാവേലി സ്റ്റോറുകൾ, സൂപ്പർ സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ, അപ്നാ ബസാർ, ഇൻ

ആൻഡ് ഔട്ട് വിൽപ്പനശാല, മെഡിക്കൽ സ്റ്റോറുകൾ, പെട്രോൾ ബങ്കുകൾ, എൽ.പി.ജി. ഔട്ട് ലെറ്റുകൾ, മണ്ണെണ്ണ ഡിപ്പോ എന്നിങ്ങനെയുള്ള വിപണന ശൃംഖലകൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥല ലഭ്യതയും വിപണന സാധ്യതയും കണക്കിലെടുത്ത് മാവേലി സ്റ്റോറുകൾ സൂപ്പർ സ്റ്റോറുകളായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില 2016 മുതൽ മാറ്റമില്ലാതെ തുടർന്നുവരുന്നുണ്ടെന്നും ‘ സപ്ലൈ കേരള’ എന്ന ആപ്പ് മുഖേന ഓൺലൈൻ വില്പന ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. നെല്ല് സംഭരണം സുഗമമാക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മറ്റും ഉദ്യോഗസ്ഥരെ നിയോഗിക്കുകയും സംഭരണവില ഉൾപ്പെടെയുള്ളവ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകാൻ തീരുമാനിക്കുകയും നെല്ല് നിറയ്ക്കാനാവശ്യമായ ചാക്കുകളുടെ ലഭ്യത ഉറപ്പാക്കുകയും നെല്ല് സംഭരണ വെബ്സൈറ്റിനെ ലാൻഡ് റെക്കോർഡ് പോർട്ടലുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും പത്തനംതിട്ട, വയനാട്,

ഇടുക്കി ജില്ലകളിൽ സപ്ലൈകോയുടെ കീഴിൽ പെട്രോൾ ബങ്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആവശ്യകത പരിഗണിച്ച് കൂടുതൽ ഔട്ട്ലെറ്റുകൾ തുടങ്ങുന്നതാണെന്നും കാഞ്ഞിരപ്പള്ളി താലൂക്കിലെ പ്രളയബാധിത പ്രദേശങ്ങളിലെ റേഷൻ കടകളിലെ സ്റ്റോക്ക് വിട്ടുതൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്നും മുൻഗണനാ കാർഡുകളുടെ വിതരണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ 'സുഭിക്ഷാ ഹോട്ടൽ' ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18 (*152) <u>തീരദേശ പരിപാലന നിയമ ഭേദഗതി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും പുതിയ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്കുമാത്രമേ ഇളവുകൾ ബാധകമാവുകയുള്ളൂവെന്നും സഭയെ

അറിയിച്ചു. തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്രപഠന കേന്ദ്രം തയ്യാറാക്കിയ കരട് പ്ലാൻ പരിശോധിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും സർക്കാർ ആയവ പരിശോധിച്ചുവരികയുമാണ്. CRZ III A-യിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ, ദ്വീപുകൾ, വേലിയേറ്റ സ്വാധീനമുള്ള കായൽ, നദികൾ, തോടുകൾ എന്നിവയുടെ NDZ -ൽ മാറ്റം വരുത്തിക്കൊണ്ടും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന കണ്ടൽ ചെടികൾക്ക് ബഫർ സോൺ ആവശ്യമാണെന്ന വ്യവസ്ഥ ഒഴിവാക്കിക്കൊണ്ടും ഇളവുകൾ അനുവദിച്ചിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ള മറ്റ് ഇളവുകൾ കേന്ദ്ര മന്ത്രാലയത്തിന്റെ പരിഗണനയിലാണെന്നും കേരളത്തിലെ 1826 തുരുത്തുകൾക്കും ദ്വീപുകൾക്കുമായുള്ള ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ (IIMP) തയ്യാറാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകാൻ ചെന്നൈ National Centre for Sustainable Coastal Management-നോടും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പൊക്കാളിപ്പാടങ്ങളിൽ വേലിയേറ്റരേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഭേദഗതി

അടിസ്ഥാനമാക്കിയുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. വിദഗ്ധ സമിതിയുടെ നിർദ്ദേശം അനുസരിച്ച് ഗ്രാമപഞ്ചായത്തുകളുടെ കാറ്റഗറി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും കായൽത്തുരുത്തുകളിലെ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി നൽകാൻ കഴിയണമെന്നാണ് സംസ്ഥാന സർക്കാർ നിലപാടെന്നും നിലവിലുള്ള നിയമ പ്രകാരം മാത്രമേ തീരദേശ പരിപാലന കരട് വിജ്ഞാപനം തയ്യാറാക്കാൻ കഴിയുകയുള്ളൂവെന്നും തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കൽ ദ്രുതഗതിയിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും ജനതാത്പര്യം സംരക്ഷിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

19(*153) <u>മദ്യനയത്തിലെ മാറ്റം</u>

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി 'വിമുക്തി മിഷന്' രൂപം നൽകിയിട്ടുണ്ടെന്ന്

സഭയെ അറിയിച്ചു. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെയും 'ഉണർവ്', 'നേർക്കൂട്ടം', 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ മുഖേനയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ വാർഡുതല വിമുക്തി സമിതികൾ രൂപീകരിച്ചും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. തീരദേശ-ആദിവാസി മേഖലകളിലെ കുട്ടികളിലും യുവാക്കളിലും കായികശേഷി വർദ്ധിപ്പിക്കുന്നതിന് "ഫിറ്റ്നെസ് കേന്ദ്രങ്ങൾ" തുടങ്ങുന്നതിനും ഗോത്രവിഭാഗങ്ങൾക്കിടയിൽ ഗോത്രകലാരൂപങ്ങളിലൂടെ ബോധവത്ക്കരണം ഫലപ്രദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖല കൗൺസിലിംഗ് സെന്ററുകളും തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്. 2022-23 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടില്ലെന്നും ബാർ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടില്ലെന്നും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.